328/A2/2013/പ.വി.ഡി

# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ **2846**

**14.02.2013** - ൽ മറുപടിക്ക്

## ഒ.ബി.സി. വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എ.റ്റി. ജോർജ്<br>ശ്രീ. വി. പി. സജീന്ദ്രൻ<br>ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. ഹൈബി ഈഡൻ | | ശ്രീ. എ.പി. അനിൽകുമാർ<br>(ബഹു. പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ) | പത്താം സ്റ്റാൻഡേർഡ് വരെയുള്ള ഒ.ബി.സി. വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) | ഒ.ബി.സി പ്രീമെട്രിക് സ്കോളർഷിപ്പ് പദ്ധതി പ്രകാരം, വിദ്യാഭ്യാസ അവസരങ്ങളും സാമ്പത്തിക ഭദ്രതയും ഇല്ലാത്ത പിന്നോക്ക സമുദായത്തിൽപ്പെട്ട വിദ്യാർത്ഥി കളുടെ വിദ്യാഭ്യാസ പുരോഗതിയും വളർച്ചയും ലക്ഷ്യ മാക്കി വാർഷിക വരുമാനം 44,500 രൂപയിൽ അധികരിക്കാത്ത രക്ഷിതാക്കളുടെ, 1 മുതൽ 10 വരെ ക്ളാസുകളിൽ പഠിക്കുന്ന കുട്ടികൾക്ക് അർഹത യുടെ അടിസ്ഥാനത്തിൽ നൽകുന്നു. 2011-12 സാമ്പത്തിക വർഷം മുതലാണ് സ്കോളർഷിപ്പ് നല്കി തുടങ്ങിയത്. 6 മുതൽ 8 വരെയുള്ള ക്ളാസുകളിൽ 900 രൂപയും, 9, 10 ക്ളാസുകളിൽ 1000 രൂപയും സ്കോളർഷിപ്പായി കഴിഞ്ഞവർഷം നൽകുകയുണ്ടായി. |
| (സി) | ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത് ; വിശദമാക്കുമോ ; | (സി) | ഇപ്പോൾ പട്ടികജാതി വികസന വകുപ്പും വിദ്യാഭ്യാസ വകുപ്പുമായി ചേർന്നാണ് പിന്നോക്ക സമുദായ വികസന വകുപ്പ് പദ്ധതി നടപ്പാക്കുന്നത്. |

.......(2)

| | | | |
|---|---|---|---|
| (ഡി) | പദ്ധതി നടത്തിപ്പിനായി നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ? | (ഡി) | 2012-13 സാമ്പത്തിക വർഷത്തെ സ്കോളർഷിപ്പിന് അപേക്ഷിക്കുവാനുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്. അപേക്ഷാഫോറത്തിന്റെ നിശ്ചിത മാതൃകയും മാനദണ്ഡങ്ങളും സഹിതം എല്ലാ ദിനപ്പത്രങ്ങളിലും, വിദ്യാഭ്യാസ വകുപ്പിന്റെയും പിന്നോക്ക വിഭാഗ വികസന കോർപ്പറേഷന്റെയും വെബ്സൈറ്റിലും പ്രസിദ്ധപ്പെടുത്തി, അപേക്ഷകൾ സ്കൂളുകളിൽ ശേഖരിച്ച്, അപേക്ഷകരുടെ വിവരങ്ങൾ ഓൺലൈനായി IT@School മുഖാന്തിരം സമാഹരിച്ച്, ഫണ്ടിന്റെ ലഭ്യത അനുസരിച്ച് സ്കോളർഷിപ്പ് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ